(ബി) ലേബർ കമ്മീഷണർ ചെയർമാനായി പ്രവർത്തിക്കുന്ന സമിതിയിൽ 13 തൊഴിലാളി പ്രതിനിധികളും, 13 തൊഴിലുടമാ പ്രതിനിധികളുമടക്കം 27 പേരാണ് പ്രവർത്തിക്കുന്നത്.

(സി) സമിതിയുടെ പ്രവർത്തന ഫലമായി സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിലെടുക്കുന്ന എല്ലാ കാറ്റഗറികളിലേയും ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ജി.ഒ (എംഎസ്.) നമ്പർ 135/2013/തൊഴിൽ-തീയതി 5-11-2013 പ്രകാരമുള്ള ഉത്തരവിലൂടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് ഉറപ്പു വരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും, ജില്ലാ ലേബർ ആഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 2014 കാലയളവിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനകളിൽ മിനിമംവേതനം നടപ്പിലാക്കാത്ത 103 ആശുപത്രികളിൽ 29 സ്വകാര്യ ആശുപത്രികൾക്കെതിരെ 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 2015(ജനുവരി-മേയ്) വരെ 30 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുമുണ്ട്.

പൊതുകുളങ്ങളുടെ നവീകരണം

8 (*218) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൊതുകുളങ്ങളുടെ നവീകരണത്തിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ച് ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അവലോകന വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരം ആകെ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫണ്ട് പൊതുകളങ്ങളുടെ നവീകരണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല. എന്നാൽ നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതിക്കു കീഴിൽ വനം, ജലസേചനം, കൃഷി, മത്സ്യക്കൃഷി, മൃഗസംരക്ഷണം എന്നീ രംഗത്തെ വിവിധ ഏജൻസികളുമായി കൈകോർത്ത് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് ലഭ്യമായ ഫണ്ടുപയോഗിച്ച് തിരുവനന്തപുരം കോർപ്പറേഷനു കീഴിൽ വരുന്ന പൊതുകളങ്ങൾ നവീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ പദ്ധതിയുടെ അവലോകനം സർക്കാർ തലത്തിൽ പരിസ്ഥിതി വകുപ്പ്, ധനകാര്യവകുപ്പ്, ഡിപ്പാർട്ടുമെന്റ് തലത്തിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, സംസ്ഥാന പ്ലാനിംഗ്ബോർഡ് എന്നിവ നടത്തിവരുന്നുണ്ട്. അവലോകന യോഗങ്ങൾ 4-12-2013, 7-12-2013, 15-1-2014, 15-2-2014, 5-3-2014, 8-5-2014, 12-6-2014, 11-3-2015, 27-12-2014, 16-1-2014, 25-9-2014, 12-6-2014, 20-2-2015 ഇതിനുപുറമേ ഏപ്രിൽ 2015 മുതൽ എല്ലാ മാസവും അഡീഷണൽ ചീഫ് സെക്രട്ടറി നേരിട്ട് ഈ പദ്ധതി അവലോകനം നടത്തുന്നുണ്ട്.

(സി) അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഫണ്ട് അനുവദിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത മാനദണ്ഡങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള 24 കളങ്ങൾ നവീകരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

ടൂറിസം പദ്ധതിക്ക് കേന്ദ്ര സഹായം

9 (*219) ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ബെന്നി. ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly